"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് എം.പുതൂർ എം. ജി. എൽ. പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. വി. ശാന്തി ഫയൽ ചെയ്ത WP(C)No. 3913/2024-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 01.02.2024 തീയതിയിലെ ഇടക്കാല വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2076/2024/GEDN തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. പാലക്കാട് എം.പുതൂർ എം. ജി. എൽ. പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. വി. ശാന്തിയുടെ 20/01/2023 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext. P12).
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No. 3913/2024 മേലുള്ള 01.02.2024 തീയതിയിലെ ഇടക്കാല വിധിന്യായം
3. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/02/2024 ലെ AEOKLG/1331/2023-F നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് എം.പുതൂർ എം. ജി. എൽ. പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. വി. ശാന്തി ഫയൽ ചെയ്ത WP(C)No. 3913/2024-മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 ഇടക്കാല വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ ഫയൽ ചെയ്ത Ext. P12 പുന:പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരിയെ കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 27.02.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേട്ടു. ടി കൂടിക്കാഴ്ചയിൽ ടി സ്കൂളിലെ ബസ് ഡ്രൈവർ ശ്രീ. പി. മണി പങ്കെടുത്തില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും അവരവരുടെ വാദമുഖങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

2. ഹർജിക്കാരിയായ ശ്രീമതി.വി.ശാന്തിയുടെ അപേക്ഷ ഇപ്രകാരമാണ് :

കൊല്ലങ്കോട് വിദ്യാഭ്യാസ ഉപജില്ല, എം. പുതൂർ മഹാഗണപതി ലോവർ പ്രൈമറി സ്‌കൂളിലെ മാനേജർ എന്നെ വിശദീകരണം പോലും ചോദിക്കാതെ 18/12/2023 ന് സസ്പെൻഡ് ചെയ്യുകയും 21/12/2023-ന് ഒരു കുറ്റപത്രം തരികയും ചെയ്തിരിക്കുന്നു. പ്രസ്തുത കുറ്റപത്രത്തിന്മേലുള്ള എന്റെ വിശദീകരണം സവിനയം ബോധിപ്പിക്കുന്നു :

1. കുറ്റപത്രത്തിൽ സൂചന ഒന്നിൽ കൊടുത്തിരിക്കുന്ന എനിക്കെതിരെയുള്ള ആരോപണം തികച്ചും വ്യാജവും കെട്ടിച്ചമച്ചതും ആകുന്നു. ഇതിൽ സൂചിപ്പിച്ചിരിക്കുന്ന പി.മണി എന്ന വ്യക്തിയോട്

ഞാൻ ഇതുവരെ സംസാരിച്ചിട്ട് പോലുമില്ല. മൂന്നുമണിക്ക് ക്ലാസ് റൂമിൽ ഇരിക്കുന്ന ഞാൻ എങ്ങനെയാണ് സ്കൂളിന്റെ വെളിയിൽ ചെന്ന് അദ്ദേഹത്തോട് അപമര്യാദയായി പെരുമാറുന്നത്. ഞാൻ ക്ലാസ് റൂമിൽ പഠിപ്പിക്കുന്നതിന് സാക്ഷികൾ എന്റെ ക്ലാസിലെ വിദ്യാർത്ഥികളും സഹപ്രവർത്തകരും ആണ്. സ്കൂൾ മുഴുവൻ CC TV ക്യാമറ നിരീക്ഷണ വലയത്തിലാണ് എന്ന വസ്തുത ഞാൻ ഇവിടെ അങ്ങയോട് ഓർമ്മിപ്പിക്കുന്നു. ഇത്രയും ക്യാമറകൾ പ്രവർത്തിച്ചിട്ട് പോലും എനിക്കെതിരെ യാതൊരു Audio/Video footage ഇല്ല എന്നതും ആശ്ചര്യകരമാണ്. CCTV ദൃശ്യങ്ങൾ ലഭ്യമാക്കി തരുവാൻ മാനേജരോട് ആവശ്യപ്പെടണമെന്ന് അങ്ങയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതിൽ സൂചിപ്പിക്കുന്ന പരാതിക്കാരൻ ആയ മണി എന്ന വ്യക്തി മാനേജരുടെ സ്കൂൾ ബസ് ഡ്രൈവറാണ്. സേവിയാമ്മ ആയയാണ്. പരാതിക്കാരനായ മണിയും, അബ്ദുൾ റസാക്കും സ്കൂൾ ബസ് ഡ്രൈവർമാരുമാണ്. അജിത്ത് ഭാസ്കർ മാനേജരുടെ സ്വന്തം മകനുമാണ്.

മാനേജരുടെ സസ്പെൻഷൻ ഉത്തരവിൽ പി.മണി ബഹുമാനപ്പെട്ട ചിറ്റൂർ പോലീസ് സബ് ഡിവിഷൻ ഓഫീസിൽ പരാതി നൽകിയിട്ടുണ്ട് എന്ന് അറിയുവാൻ സാധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഞാൻ 20/12/2023 ന് ചിറ്റൂർ പോലീസ് സ്റ്റേഷനിൽ പോയപ്പോൾ പി. മണിയും മാനേജരും ഒരുമിച്ച് ചെന്ന് പരാതി പിൻവലിച്ചതായി അറിയുവാൻ കഴിഞ്ഞു. ഇതിൽ തന്നെ എന്റെ നിരപരാധിത്വം വ്യക്തമാണ്.

പരാതി പിൻവലിച്ചു കൊണ്ട് പോലീസ് സ്റ്റേഷനിലും, കൊല്ലങ്കോട് AEO ഓഫീസിലും പി.മണി നൽകിയ കത്തുകളുടെ പകർപ്പ് ഞാൻ ഈ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു. സ്കൂൾ മാനേജർ T.O. ഭാസ്കറിനെതിരെ HM TSസജി ടീച്ചറും, വിരമിച്ച ഗീത ടീച്ചറും ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. രണ്ട് കേസിലും സാക്ഷി പറഞ്ഞ ചില അധ്യാപകരിൽ ഒരാളാണ് ഞാൻ. 13/12/2023 ന് ഗീത ടീച്ചർക്കായി ബഹുമാനപ്പെട്ട ചിറ്റൂർ കോടതിയിൽ മാനേജർക്കെതിരെ ഞാൻ സാക്ഷി പറഞ്ഞിരുന്നു. അതിന്റെ വൈരാഗ്യം മൂലമാണ് ടിയാൻ സ്വന്തം തൊഴിലാളികളായ മണിയേയും, അബ്ദുൽ റസാക്കിനെയും, സേവിയാമ്മയെയും സമ്മർദ്ദം ചെലുത്തി എനിക്കെതിരെ 15/12/2023 ന് കള്ള പരാതി കൊടുക്കുവാൻ പ്രേരിപ്പിച്ചത്.

2. സൂചന രണ്ടിൽ പ്രതിപാദിച്ചിരിക്കുന്ന കുറ്റം ബഹുമാനപ്പെട്ട കോടതിയുടെ അധീനതയിൽ ആയിരുന്ന വിഷയമാണ്. ആയതിനാൽ അതേക്കുറിച്ച് കൂടുതൽ പറയുന്നില്ല.

3. മൂന്നാമതായി എനിക്കെതിരെ ഉന്നയിച്ച ആരോപണം ശരിയല്ല. നിയമപരമായി കോടതി അനുവദിച്ച ഹാജർ രേഖ സമർപ്പിച്ചാണ് ഓൺ ഡ്യൂട്ടി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ആരോപണം തള്ളിക്കളയണമെന്ന് അപേക്ഷിക്കുന്നു.

4. എനിക്കെതിരെ സൂചന നാലിൽ കൊടുത്ത കുറ്റാരോപണത്തെ ഞാൻ നിഷേധിക്കുന്നു. 31/10/2023 ന് ക്ലാസ്സിൽ ഹാജരായിരുന്ന കുട്ടി ഉച്ച ഭക്ഷണം കയ്യിൽ കരുതിയിട്ടുണ്ടെന്ന് അറിയിച്ചതിനാലാണ് ഉച്ചഭക്ഷണ രജിസ്റ്ററിൽ ഹാജർ മാർക്ക് ചെയ്യാതിരുന്നത്.

5. സൂചന അഞ്ചിൽ കൊടുത്തിരിക്കുന്ന എനിക്കെതിരായ പരാതിയിൽ യാതൊരു വസ്തുതയും ഇല്ലെന്ന് അറിയിക്കുന്നു. 16/10/2018 മുതൽ 29/10/2018 വരെ എന്നെ സസ്പെൻഡ് ചെയ്ത മാനേജരുടെ നടപടി ബഹുമാനപ്പെട്ട കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്തിട്ടുള്ളതാണ്. ഇങ്ങനെ വിദ്യാഭ്യാസ ഓഫീസർ മാനേജരുടെ വേല വിലക്ക് നടപടി റദ്ദു ചെയ്തു കഴിഞ്ഞാൽ പ്രസ്തുത കാലയളവ് സേവനകാലമായി പരിഗണിക്കണം എന്നതാണ് വിദ്യാഭ്യാസ ചട്ടങ്ങൾ അനുശാസിക്കുന്നത്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള വേല വിലക്ക് കാലയളവ് അവധിയായി പരിഗണിച്ച് ശമ്പളം തിരിച്ചടയ്ക്കണമെന്ന് മാനേജർ ആവശ്യപ്പെടുന്നത് ചട്ട വിരുദ്ധമാണ്. എന്നെ സെൻഷർ ചെയ്തിട്ടുണ്ട് എന്ന കാര്യം ഈ കുറ്റാരോപണപത്രിക

കൈപ്പറ്റിയപ്പോൾ മാത്രമാണ് ഞാൻ അറിയുന്നത് തന്നെ. ആയതിനാൽ എന്റെ സേവന പുസ്തകത്തിൽ അത്തരം രേഖപ്പെടുത്തലുകൾ വിദ്യാഭ്യാസ ഓഫീസറുടെ അനുമതി ഇല്ലാതെ മാനേജർ നടത്തിയിട്ടുണ്ടെങ്കിൽ ആയവ റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.

6. സൂചന ആറിൽ കൊടുത്ത എനിക്കെതിരെയുള്ള കുറ്റാരോപണം ഞാൻ നിഷേധിക്കുന്നു. ഒരു സഹാധ്യാപികയുടെ സേവന പുസ്തകത്തിന്റെ കസ്റ്റോഡിയൻ അതേസഹാധ്യാപികയല്ല. എന്റെ സേവന പുസ്തകത്തിന്റെ കസ്റ്റോഡിയൻ ഞാനല്ലാത്തതിനാൽ ഈ ആരോപണം നിലനിൽക്കുന്നതല്ലെന്ന് ബോധിപ്പിക്കുന്നു. ഈ ആരോപണം തള്ളിക്കളയണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

2003 മുതൽ MGLPS സ്കൂളിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന അധ്യാപികയാണ് ഞാൻ. 31/03/2024നാണ് ഞാൻ വിരമിക്കേണ്ടിയിരുന്നത്. ഇപ്പോൾ ഞാൻ superannuation പിരീഡിലാണ്. 2017ൽ അകാരണമായി മാനേജർ T.O. ഭാസ്കർ HM സജി ടീച്ചറെ സസ്പെൻഡ് ചെയ്തു. മാനേജർ തയ്യാറാക്കിയ HM ന് എതിരായ പരാതിയിൽ ഞാൻ ഒപ്പു വെച്ചില്ല. ഒപ്പുവെക്കാത്തതിനു കാരണം, ഉച്ചക്കഞ്ഞി നടത്തിപ്പിൽ HM ഏഴര ലക്ഷം രൂപ കട്ടു എന്നും, അന്നത്തെ AEO അതിന് കൂട്ടുനിന്നു എന്നും, സമ്പൂർണയിൽ നിന്നും HM വിദ്യാർത്ഥികളുടെ പേരുകൾ നീക്കം ചെയ്തു തുടങ്ങിയ ഒരുപാട് ആരോപണങ്ങൾ ആ പരാതിയിൽ ഉണ്ടായിരുന്നു. ഒരു സാധാരണ ടീച്ചർ ആയ എനിക്ക് HM നടത്തിയ സാമ്പത്തിക ക്രമക്കേടിനെ കുറിച്ച് എന്തറിയാൻ ?. അത് ഡിപ്പാർട്ട്മെന്റുകൾ കണ്ടെത്തട്ടെ. സത്യമാണോ എന്ന് യാതൊരു നിശ്ചയവും ഇല്ലാത്ത ഒരു കാര്യത്തിൽ മനസ്സാക്ഷിക്ക് വിരുദ്ധമായി ഒപ്പുവെക്കാൻ ഞാനടക്കമുള്ള 5 ടീച്ചേർസ് (മൊത്തം 12 teachers) തയ്യാറായില്ല. MGLPS സ്കൂൾ മാനേജർ TO ഭാസ്കറിനെതിരെ അധ്യാപികമാരായ ഗീത ടീച്ചറും, TS സജി ടീച്ചറും ക്രിമിനൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. രണ്ടു കേസിലും കോടതിയിൽ സാക്ഷി പറഞ്ഞ ചില അധ്യാപകരിൽ ഒരാളാണ് ഞാൻ. ഇതെല്ലാം ആണ് മാനേജർക്ക് എന്നോടുള്ള ദേഷ്യത്തിന്റെ പ്രധാന കാരണങ്ങൾ. ഈ വേദനിക്കുന്ന സത്യങ്ങൾ തിരിച്ചറിഞ്ഞ് എന്റെ സസ്പെൻഷൻ പിൻവലിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

3. എം.പുളൂർ എം.ജി.എൽ.പി. സ്കൂൾ പ്രഥമാദ്ധ്യാപിക ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

എം.പുളൂർ എം.ജി.എൽ.പി. സ്കൂളിലെ എൽ.പി.എസ്.എ. ആയ വി.ശാന്തിയെ 18.12.2023 മുതൽ മാനേജർ സസ്പെൻഡ് ചെയ്തപ്പോൾ നൽകിയ കുറ്റപത്രത്തിന് പ്രധാനാധ്യാപിക ആയി ഞാൻ താഴെ പറയുന്ന വിശദീകരണം സമർപ്പിക്കുന്നു:

ഞാൻ 1989 മുതൽ ഈ സ്കൂളിൽ അധ്യാപികയായും 2001 മുതൽ പ്രധാനാധ്യാപികയായും ജോലി ചെയ്തുവരുന്നു. സ്കൂളിൽ അക്കാദമിക കാര്യങ്ങളിൽ മാനേജർ കൂടുതലായി ഇടപെടുന്നതു മൂലം ചെയ്യാത്ത കാര്യങ്ങൾ പറഞ്ഞ് മൂന്നു പ്രാവശ്യം എന്നെ സസ്പെൻഡ് ചെയ്യുകയും കോടതി വിധി പ്രകാരം തിരികെ ജോലിയിൽ പ്രവേശിക്കുകയുണ്ടായത്.

ശാന്തി ടീച്ചറുടെ സസ്പെൻഷന് ആധാരമായി പറയുന്ന ഒന്നാമത്തെ ആരോപണം സ്കൂൾ ബസ് ഡ്രൈവർ ശ്രീ.മണി എന്നവരെ ജാതിപേര് വിളിച്ച് അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്തു എന്നത് തികച്ചും മാനേജർ കെട്ടിച്ചമച്ചതാണ് ഈ സംഭവം നടന്ന 3 മണിക്ക് ഞാൻ സ്കൂളിൽ ഉണ്ടായിരുന്നു. പിറ്റേ ദിവസം ശനിയാഴ്ചയും ഞാൻ സ്കൂളിൽ ഉണ്ടായിരുന്നു. പരാതിക്കാരനായ ശ്രീ. മണി എന്നോട് ഈ കാര്യം പറഞ്ഞിട്ടില്ല. 18.12.2023 ന് രാവിലെ മാനേജർ സസ്പെൻഷൻ ഓർഡർ ടീച്ചർക്ക് നൽകുമ്പോഴാണ് ഞാൻ ഈ കാര്യം അറിയുന്നത്. 3 മണിക്ക് എല്ലാ അധ്യാപകരും ക്ലാസ്സിൽ തന്നെയാണ് ഉണ്ടാവുന്നത്. ഈ ടീച്ചറും ക്ലാസ്സിൽ

തന്നെയായിരുന്നു. ഇങ്ങനെയൊരു ബഹളം അവിടെ നടന്നത് മാനേജരുടെ മകനായ അജിത്ത് മാഷ് അല്ലാതെ മറ്റാരും അറിഞ്ഞിട്ടില്ല. അജിത്ത് മാഷ് ഈ വിവരം പ്രധാനാധ്യാപികയായ എന്നെ അറിയിച്ചിട്ടുമില്ല. സ്കൂൾ ബസ് ഡ്രൈവർമാരോട് അധ്യാപികമാർ ആരും തന്നെ സംസാരിക്കാറില്ല. പ്രധാനാധ്യാപികയായ എനിക്കു പോലും ഡ്രൈവർമാരുടെ നമ്പരോ അഡ്രസ്സോ അറിയില്ല. സ്കൂളിന്റെ എല്ലാ ഭാഗത്തും CCTV ഉള്ളതിനാൽ അതു പരിശോധിച്ചാൽ ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കാവുന്നതേയുള്ളൂ. പരാതിക്കാരനും സാക്ഷികളും മാനേജരുടെ തൊഴിലാളികളാണ്. 21 അധ്യാപകർ ജോലി ചെയ്യുന്ന വിദ്യാലയത്തിൽ അജിത്ത് മാഷ് മാത്രമാണ് സംഭവം അറിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്.

രണ്ടാമത്തെ ആരോപണം തികച്ചും തെറ്റാണ്. എനിക്ക് നേരിട്ട അനുഭവം ഞാൻ കൊല്ലങ്കോട് പോലീസിലും വനിതാ സെല്ലിലും പറയുകയാണുണ്ടായത്. ആയത് കൊല്ലങ്കോട് പോലീസ് അന്വേഷിച്ച് കഴമ്പുണ്ടെന്ന് കണ്ടെത്തിയതിനാൽ കോടതിയിൽ കൊടുക്കുകയാണുണ്ടായത്. പോലീസിന്റെ അന്വേഷണത്തിൽ ടീച്ചർക്ക് ബോധ്യമുള്ള കാര്യങ്ങൽ പറയുക മാത്രമാണ് ചെയ്തത്. അതു തന്നെ ചിറ്റൂർ കോടതിയിലും പറഞ്ഞിട്ടുണ്ട്. മതിയായ തെളിവുകൾ ഇല്ലാത്തതിനാലാണ് കോടതി കേസ് തള്ളിയത്. വേണമെങ്കിൽ അപ്പീൽ പോകാമെന്നും പറഞ്ഞിരുന്നു.

മൂന്നാമത്തെ ആരോപണത്തിൽ പറഞ്ഞ കാര്യം ശരിയല്ല. കോടതിയിൽ നിന്നും സമൻസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ മൂന്നു ദിവസം പോകുകയും അവിടെ നിന്നും ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാലാണ് ഓൺ ഡ്യൂട്ടി രേഖപ്പെടുത്തി ശമ്പളം വാങ്ങി നൽകിയത്. ഈ പരാതി മുൻപ് മാനേജർ AEO ഓഫീസിൽ നൽകിയിരുന്നു. അതിന്റെ വിശദീകരണവും ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

നാലാമത്തെ ആരോപണമായ കുട്ടിക്ക് ഉച്ചഭക്ഷണം നിഷേധിച്ചു എന്നത് തെറ്റായ കാര്യമാണ്. കുട്ടി ഹാജരായിരുന്നുവെങ്കിലും ഉച്ചഭക്ഷണം കൈയിൽ ഉണ്ടായിരുന്നതുകൊണ്ട് ഉച്ചഭക്ഷണം വേണ്ടെന്നു പറഞ്ഞതുകൊണ്ടുമാണ് ടീച്ചർ ഉച്ചഭക്ഷണ രജിസ്റ്ററിൽ അവധി മാർക്ക് ചെയ്തത്. സ്കൂൾ ഓഫീസിന്റെയും അലമാരകളുടെയും താക്കോൽ മാനേജരുടെ വീട്ടിൽ തന്നെയാണ് സൂക്ഷിക്കാറുള്ളത്. മാനേജർ രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തിയതാവണം ഇക്കാര്യം.

അഞ്ചാമത്തെ ആരോപണത്തിലെ 16.10.2018 മുതൽ 29.10.2018 വരെയുള്ള വേലവിലക്ക് കാലയളവ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്തതാണ്. ആയതിനാൽ ഈ വേലവിലക്ക് കാലയളവ് duty ആയി പരിഗണിക്കാമെന്നും ശമ്പളം എഴുതി നൽകാമെന്നും ഉള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം എഴുതി നൽകിയത്.

ആറാമത്തെ ആരോപണമായ സർവ്വീസ് ബുക്ക് വാർഷിക പരിശോധനയ്ക്ക് വിധേയമാക്കിയില്ല എന്ത് തെറ്റാണ്. മാനേജർ രേഖാമൂലം മുൻകൂട്ടി കത്ത് നൽകിയാൽ മാത്രമേ വാർഷിക പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുള്ളൂ എനിക്ക് പോലും നാളിതുവരെ ലഭിച്ചിട്ടില്ല. കത്ത് നൽകിയ വർഷങ്ങളിലെല്ലാം കൃത്യമായി വാർഷിക പരിശോധനയ്ക്ക് സർവ്വീസ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

ഈ സസ്പെൻഷനുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ കാര്യങ്ങളാണ് എനിക്ക് ബോധിപ്പിക്കാനുള്ളത്. ഇത് തികച്ചും വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ മാനേജർ കെട്ടിച്ചമച്ചതാണ്എന്ന് അറിയിക്കുന്നു. ആയതിനാൽ 18.12.2023 മുതലുള്ള ടീച്ചറുടെ വേലവിലക്ക് പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

4. ടി സ്കൂൾ മാനേജരുടെ അപേക്ഷ ഇപ്രകാരമാണ് :

എം.പുതുർ മഹാഗണപതി ലോവർ പ്രൈമറി സ്ക്കുൾ തമിഴ് അദ്ധ്യാപിക ശ്രീമതി. വി.ശാന്തി, സ്കൂൾ ബസ് ഡ്രൈവർ ശ്രീ.പി.മണിയെ ജാതിപേര് വിളിച്ച് സ്കൂളിലെ കുട്ടികളും, മററ് ആളുകളും കേൾക്കെ അധിക്ഷേപിച്ചതിൽ അപമാനിതനാകുകയും മാനേജർക്ക് പരാതി നൽകുകയും (Ext 01). ചിറ്റൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിൽ 16.12.2023-ന് പരാതി നൽകുകയും (Ext 02). ആയതിന്റെ പകർപ്പും രശീതിയും ഉള്ളടക്കം ചെയ്ത്, ശ്രീമതി.വി.ശാന്തിക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും സാക്ഷികളെ സ്വാധീനിക്കാനും തെളിവുകൾ നശിപ്പിക്കാനുമുള്ള സാദ്ധ്യതയുണ്ടെന്നും, (Ext 03). ടിയാരിയെ മാറ്റി നിർത്തി അന്വേഷിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

വിദ്യാലയത്തിലെ കുട്ടികളോടും മറ്റ് അദ്ധ്യാപകരോടും സംഭവ സമയത്തുണ്ടായിരുന്നവരോടും അന്വേഷിച്ചതിൽ നിന്നും പരാതിയിൽ കഴമ്പുള്ളതായി ബോധ്യപെട്ടതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണ വിധേയമായി 18.12.2023 ന് വേലവിലക്ക് നല്കുകയും (Ext 04) അന്നേ ദിവസം കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് വിവരം നല്കുകയും ചെയ്തു.

ശ്രീ.പി.മണി പരാതിയിൽ ഉന്നയിച്ചത് സാക്ഷികളെ സ്വാധീനിക്കാനും, തെളിവുകൾ നശിപ്പിക്കാനുമുള്ള സാധ്യതയുണ്ട് എന്നത് സ്ഥിരീകരിച്ചു കൊണ്ട് 19.12.2023 രാത്രി 8 മണിക്ക് ശ്രീമതി.വി.ശാന്തി, വിരമിച്ച ഗീത, എച്ച്.എം. ടി.എസ്.സജി എന്നിവരും പത്തോളം ആളുകളും ശ്രീ.പി.മണിയുടെ കുടിയിൽ (വീട്ടിൽ) പോയി തെറ്റുപറ്റിപോയതാണെന്ന് പറഞ്ഞ് മാപ്പ് പറയുകയും ആരോടും മേലിൽ ആവർത്തിക്കില്ലെന്ന് ഉറപ്പ് നൽകുകയും, പോലിസിലെ പരാതി പിൻവലിച്ചില്ലെങ്കിൽ ജാമ്യം ലഭിക്കാത്ത വകുപ്പുകൾ ചുമത്തപ്പെടുമെന്നും ജയിലിൽ പോകേണ്ടി വന്നാൽ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞ് കരഞ്ഞത് കണ്ട് ഭാര്യയും, മകളും നിർബന്ധിക്കുന്നതിനാൽ മാനുഷിക പരിഗണന വെച്ച് പോലീസ് കേസ് പിൻവലിക്കുന്നതായും അറിയിച്ചുകൊണ്ട് (EXT 05) കത്ത് നൽകുകയുണ്ടായി.

20.12.2023-ന് ബഹു. ഡെപ്യൂട്ടി സൂപ്രണ്ടന്റ് ഓഫ് പോലീസിന് നൽകിയ അപേക്ഷയിൽ 19.12.2023 വൈകിട്ട് 8 മണിക്ക് വി.ശാന്തി ടീച്ചർ, വിരമിച്ച ഗീതടീച്ചർ, മറ്റ് ചില ആളുകളുമായി എന്റെ വീട്ടിൽ വരികയും മാപ്പ് പറയുകയും ചെയ്തിട്ടുള്ളതിനാൽ മാനുഷിക പരിഗണനയുടെ പേരിൽ പരാതി പിൻവലിക്കാനും (Ext 06). എന്ന് അറിയിക്കുകയും ആയതിന്റെ പകർപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 21.12.2023 ന് ശ്രീമതി.വി.ശാന്തിയെ 22.12.2023 ന് (2 pm) വിദ്യാലയത്തിൽ നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് വാട്ട്സാപ്പിലൂടെ അറിയിക്കുകയും, പ്രധാനാദ്ധ്യാപിക മുഖാന്തിരം അറിയിക്കുകയും ചെയ്തിരുന്നു. (Ext 07). എന്നാൽ ശ്രീമതി. വി.ശാന്തി നിരാകരിക്കുകയാണ് ചെയ്തത്.

ശ്രീമതി. വി.ശാന്തിക്ക് നല്കിയ കുറ്റപത്രത്തിന് (EXT 08). 30.12.2023 തിയതിയിലെ മറുപടി 01.01.2024ന് ലഭിക്കുകയുണ്ടായി (EXT 09). 27.12.2023 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണ അറിയിപ്പ് (EXT 10). നൽകുകയും 28.12.2023 ന് 1) മാനേജർ 2)ശാന്തി, 3). മണി.പി. 4). അജിത് ഭാസ്കർ, 5). സേവിയമ്മ, 6). അബ്ദുൾ റസാഖ് എന്നിവരെ നേരിൽ കേൾക്കുകയും ചെയ്തു.

31.12.2023-ന് ശ്രീ.പി.മണി നൽകിയ കത്തിൽ (EXT 11). "ശ്രീമതി. വി.ശാന്തിയുടെ നിർദ്ദേശപ്രകാരം കുറച്ച് ആളുകൾ ചേർന്ന് എന്നെ എ.ഇ.ഒ. ഓഫീസിലേക്ക് ഭീക്ഷണികെടുത്തി കൊണ്ടുപോയി നിർബന്ധിച്ച് കത്തിൽ ഒരിടുവിച്ചു വാങ്ങി നൽകിയിരുന്നുവെന്നും" (EXT12)

ശാന്തിക്കെതിരെ നൽകിയ പരാതി പിൻവലിച്ചിട്ടില്ലെന്നും, ഭീക്ഷണി നിലനിൽക്കുന്നതിനാൽ നിയമനടപടികളുമായി മുന്നോട്ടുപോകാനുമാണ് തീരുമാനിച്ചിട്ടുള്ളതെന്നും അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ആവശ്യപെട്ടിരുന്നു. 28.12.2023 ന് ശ്രീ.പി.മണി. പ്രാഥമിക അന്വേഷണത്തിൽ നൽകിയ കത്തും (EXT 13) 30.12.2023 ന് എ.ഇ.ഒ. ന് നൽകിയ കത്തും 31.12.2023 ന് എ.ഇ.ഒ. നൽകിയ കത്തിന്റെയും (EXT 14). പകർപ്പുകൾ നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 01.01.2024 ന് ഉപജില്ല വിദ്യാദ്യാസ ഓഫീസർക്ക് മാനേജർ നൽകിയ കത്തിൽ (EXT 15). ഭീഷണിപ്പെടുത്തി ചട്ടലംഘനം നടത്തിയ ശാന്തിക്കെതിരെ നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

28.12.2023-ന് ശ്രീമതി.വി.ശാന്തി നൽകിയതായി ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജിയോടൊപ്പം നൽകിയിട്ടുള്ള കത്ത് വക്കീൽ ദുരുദ്ദേശത്തോടെ തയ്യാറാക്കി നൽകിയതാണ്. ടി കത്തിൽ ശ്രീമതി.വി.ശാന്തി ഒപ്പുപോലും വെച്ചിട്ടില്ല. (EXT 16)

21.12.2023 ന് മാനേജർ നൽകിയ കുറ്റപത്രത്തിന് 31.12.2023 ന് (EXT 9) പ്രകാരം മറുപടി നൽകുകയും 28.12.2023 മുൻതിയ്യതി വെച്ച് ഉപജില്ല വിദ്യാദ്യാസ ഓഫീസർക്ക് മറുപടി നൽകിയതായിട്ടാണ് ഹർജിയിൽ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളത്. 28.12.2023 ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നടത്തിയ കൂടിക്കാഴ്ചയിൽ CCTV പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ലെന്നതിൽനിന്നും CCTV Audio/Video footage 15 ദിവസത്തിൽ കൂടുതൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തിയിട്ടാണ് ഉന്നയിച്ചിട്ടുള്ളതെന്നത് വ്യക്തമാണ്.

കുറ്റപത്രത്തിൽ ഉന്നയിച്ചിട്ടുള്ള കുറ്റങ്ങൾക്ക് പുറമെ ശ്രീമതി വി.ശാന്തിക്കെതിരെ അഡീഷണൽ കുറ്റപത്രം നൽകേണ്ടതുണ്ട് ആയതും കൂടി വിശദമായ അന്വേഷണം നടത്തേണ്ടതുമാണ്. പ്രധാനാദ്ധ്യാപിക ശ്രീമതി.ടി.എസ്.സജി (EXT 17)ൽ മാനേജർ വേലവിലക്കിയ ശ്രീമതി. വി.ശാന്തിക്ക് നൽകിയ കുറ്റപത്രത്തിന് 28.12.2023 തിയതിവെച്ച് വിശദീകരണം നൽകിയതായി റിട്ട് ഹർജിയിൽ ചേർത്തിട്ടുണ്ട്.

ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ള ശ്രീമതി.ടി.എസ്.സജിക്കെതിരെ 1). ജില്ല വിദ്യാദ്യാസ ഓഫീസർ, 2). പൊതുവിദ്യാദ്യാസ ജോയിന്റ് സെക്രട്ടറി, 3). ജില്ല ധനകാര്യ പരിശോധന വകുപ്പ്, 4). പോലീസ് വിജിലൻസ് വകുപ്പ് അന്വേഷണങ്ങളിൽ നിന്നും കണ്ടെത്തി, കടുത്ത ശിക്ഷയ്ക്ക് മുൻകൂർ അനുവാദം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ജില്ല വിദ്യാദ്യാസ ഓഫീസറുടെ പരിഗണനയിലാണ്. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളിൽ നിന്നും സ്വയം രക്ഷനേടാൻ മാനേജർക്കെതിരെ ലൈംഗിക പീഡന പരാതി നൽകുകയും ബഹു. ചിറ്റൂർ മജിസ്ട്രേട്ട് കോടതി (CC 600/2017) തള്ളിയതുമാണ്. ടി കേസുകളിൽ കള്ള സാക്ഷിപറഞ്ഞിട്ടുള്ള ശ്രീമതി.വി.ശാന്തിയെ സംരക്ഷിക്കാനാണ്, പ്രധാനാദ്ധ്യാപിക ശ്രീമതി.ടി.എസ്.സജി. ശ്രീമതി.വി.ശാന്തിക്ക് നൽകിയ കുറ്റപത്രത്തിന് വിശദീകരണം നൽകിയിട്ടുള്ളത്.

ശ്രീ. പി.മണി 31.12.2023 ന് ഉപജില്ല വിദ്യാദ്യാസ ഓഫീസർക്ക് നൽകിയ അപേക്ഷ റിട്ട് ഹർജിയിൽ നിന്നും മനപൂർവ്വം ഒഴിവാക്കിയതായി കാണുന്നു (Suppression of Fact).

18.12.2023 ൽ മാനേജർ ഉത്തരവായ വേലവിലക്ക് ഉപജില്ല വിദ്യാദ്യാസ ഓഫീസർ 28.12.2023 ന് ചട്ടപ്രകാരം അന്വേഷണം നടത്തുകയും 01.01.2024 ന് ദീർഘിപ്പിച്ച് ഉത്തരവാക്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ 04.01.2024 (EXT 18) കെ.എസ്.ആർ. ഭാഗം 1 ചട്ടം 60 ഉപചട്ടം എ പ്രകാരം അധിവർഷവിരമിക്കൽ തിയ്യതി 31.08.2023 ആയതിനാലാണ് 01.09.2023 മുതൽ കെ.എസ്. ഭാഗം 1 ചട്ടം 60 (സി) പ്രകാരം വേലവിലക്ക് തിയതി (18.12.2023) മുതൽ സേവനത്തിൽ നിന്നും വിരമിക്കൽ പ്രാബല്യത്തിലാണെന്ന് അറിയിച്ചിട്ടുള്ളതാണ്.

11.01.2024 തിയ്യതി ശ്രീമതി.വി.എം.ശെൽവി നിയമിതയായി ജോലി ചെയ്തുവരുന്നുണ്ട്. (EXT

19)

സംഗ്രഹം

1). ശ്രീമതി.വി.ശാന്തിക്കെതിരെ 03.02.2020 ന് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 65(1) പ്രകാരം "സെൻഷർ" ശിക്ഷ ചുമത്തിയിട്ടുള്ളതാണ്. (Ext 20,21)

2). എം.പുതൂർ മഹാഗണപതി ലോവർ പ്രൈമറി വിദ്യാലയത്തിൽ പഠിക്കുന്ന 302 കുട്ടികളിൽ 56 പട്ടിക ജാതിവിഭാഗത്തിൽ പെട്ടവരും 91 കുട്ടികൾ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുമാണ് (EXT 22). പലഷോഴും ശ്രീമതി.വി.ശാന്തി പട്ടികജാതി/പട്ടിക വർഗ്ഗ കുട്ടികളെ മാറ്റിനിർത്തുന്നതായും, ഫോൺനമ്പർ നൽകാതിരിക്കുന്നതായും, വരാത്തകുട്ടികളെ അന്വേഷിക്കാതിരിക്കുന്നതായും, ഹാജരായ കുട്ടികൾക്ക് പോലും മനപൂർവ്വം അവധി മാർക്ക് ചെയ്യുന്നതായും രക്ഷിതാക്കളോട് മോശമായി പെരുമാറുന്നതായും പരാതികൾ ഉണ്ടായിട്ടുള്ളത് പ്രധാനാദ്ധ്യാപിക ശ്രീമതി.ടി.എസ്.സജി മൂടിമറച്ചിട്ടുള്ളതാണ്.

3). കെ.എസ്.ആർ. ഭാഗം 1 ചട്ടം 60(സി) പ്രകാരം വിരമിച്ച ശ്രീമതി.വി. ശാന്തിയുടെ ഒഴിവിൽ ശ്രീ.വി.എം.ശെൽവി നിയമിതയായി ജോലിചെയ്തു വരുന്നു.

ശ്രീമതി. വി.ശാന്തി സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അവർക്കെതിരെ അച്ചടക്ക നടപടികൾ പൂർത്തികരിക്കുന്നതിന് Pension Sanctioning Authority യായ ഉപജില്ല വിദ്യാദ്യാസ ഓഫീസർക്ക് വേണ്ട നിർദ്ദേശം ഉണ്ടാവേണമെന്ന് അപേക്ഷിക്കുന്നു.

താഴ്ന്ന ജാതിക്കാരനാണെന്നതിനാൽ സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരെ സംരക്ഷിക്കുന്നതിനും അവരെ സമുഹത്തിൽ മുൻ നിരയിലേക്ക് കൊണ്ടുവരുന്നതിനും വേണ്ടി കേരള സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമ്പോൾ ഒരു അദ്ധ്യാപികയ്ക്ക് തീർത്തും യോജിക്കാത്ത, സംസ്കാര ശൂന്യമായ പ്രവൃത്തിയാണ് ശ്രീമതി. വി. ശാന്തിയിൽ നിന്നും ഉണ്ടായിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുള്ളത്. മാനേജരെ അവഹേളിക്കുക, അപകീർത്തിപ്പെടുത്തുക, രക്ഷിതാക്കളെ അവഹേളിക്കുക, കുട്ടികളോട് മോശമായി പെരുമാറുക, ജീവനക്കാരെ അവഹേളിക്കുക, അധിക്ഷേപിക്കുക എന്നിവ ഒരു അദ്ധ്യാപികക്ക് ഒട്ടും യോജിക്കാത്ത പ്രവൃത്തിയാണ്, പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണ്. കെ.ഇ.ആർ. അദ്ധ്യായം XIII, XIV B എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകളുടെ ലംഘനമായതിനാൽ അവർക്ക് അദ്ധ്യാപികയായി തുടരാൻ അർഹതയില്ല. പൊതുജനങ്ങളുടെ വികാരവും, രക്ഷിതാക്കളുടെ ആവശ്യവും മുൻനിർത്തി അവർക്കെതിരെ വകുപ്പുതലത്തിൽ മാതൃകാപരമായി കടുത്ത ശിക്ഷ നൽകണമെന്ന് അപേക്ഷിക്കുന്നു.

5. കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എം പുതൂർ എം. ജി.എൽ.പി. സ്കൂളിലെ ഡ്രൈവർ ശ്രീ.പി. മണിയെ സ്കൂളിലെ അധ്യാപികയായ ശ്രീമതി വി.ശാന്തി ജാതിപ്പേര് വിളിച്ച് അപമാനിച്ചു എന്നാരോപിച്ച് ശ്രീ.മണി സ്കൂൾ മാനേജർക്കും ചിറ്റൂർ ഡെപ്യൂട്ടി സൂപ്രണ്ടൻറ് ഓഫ് പോലീസിനും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 198/12/2023 മുതൽ ശ്രീമതി വി.ശാന്തിയെ സർവീസിൽ നിന്നും വേലവിലക്കിക്കൊണ്ട് മാനേജർ ഉത്തരവാകുകയും, ഈ വിഷയത്തിൽ പ്രാഥമികാന്വേഷണം നടത്തി വേലവിലക്ക് ദീർഘിപ്പിക്കാൻ ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, 28/12/2023-ന് സ്കൂളിൽ നേരിട്ടെത്തി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി പ്രാഥമികാന്വേഷണം നടത്തുകയുണ്ടായി. പരാതിക്കാരനായ ശ്രീ.പി.മണി തന്നെ ജാതിപ്പേര് വിളിച്ച് അപമാനിച്ചതുമായി ബന്ധപ്പെട്ട് പോലീസിന് നൽകിയ കേസ്സ് ശാന്തിടീച്ചർ മാപ്പ്

പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കുന്നതിന് അപേക്ഷ നൽകിയതായും, എന്നാൽ മാനേജർക്ക് നൽകിയ പരാതിയിൽ ഉറച്ചുനിൽക്കുന്നതായും അറിയിച്ചു. കൂടാതെ അധ്യാപികയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. സാക്ഷികളും ശ്രീ.പി. മണിയുടെ പരാതി ശരിയാണെന്ന് അറിയിച്ചു. എന്നാൽ ആരോപണ വിധേയയായ അധ്യാപിക തനിക്കെതിരെയുള്ള ആരോപണം നിഷേധിച്ചു. സ്കൂൾ പ്രധാനാധ്യാപിക അന്നേദിവസം സ്കൂളിൽ ഉണ്ടായിരുന്നുവെന്നും ഇത്തരമൊരു സംഭവം തന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നും ആരും തന്നെ തന്നോട് മേൽ വിഷയം സംബന്ധിച്ച് ഇത്തരമൊരു പരാതി ഉന്നയിച്ചിരുന്നില്ല എന്നും അറിയിക്കുകയുണ്ടായി. 30/12/2023-ന് പരാതി പരാതിക്കാരൻ ഈ കാര്യാലയത്തിൽ നേരിട്ടെത്തി പരാതി പിൻവലിക്കുന്നതായി അറിയിക്കുകയുണ്ടായി. എന്നാൽ 31/12/2023-ന് പരാതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നും, 30/12/2023 നൽകിയ കത്ത് തന്നെ ഭീഷണിപ്പെടുത്തി ഒപ്പ് വച്ചതാണെന്നും, ആയത് തിരിച്ച് തരണമെന്നും ആവശ്യപ്പെട്ട് വീണ്ടും കത്ത് നൽകുകയുണ്ടായി. പരാതിക്കാരൻ പരാതിയിൽ ഉറച്ചു നിൽക്കുന്നതായി അറിയിച്ചതിനാലും, ഇത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട പരാതിയായതിനാലും പ്രസ്തുത പരാതിയിൽ വിശദമായ അന്വേഷണം നടത്തി തീർപ്പ് കൽപ്പിക്കുന്നതിനായി ശ്രീമതി. വി.ശാന്തിയെ 15 ദിവസം വേലവിലക്കിക്കൊണ്ട് മാനേജർ നൽകിയ ഉത്തരവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകുകയും, ടിയാരിക്കെതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ഈ സാഹചര്യത്തിലാണ് ശ്രീമതി വി.ശാന്തി സർക്കാർ മുമ്പാകെ റിവിഷൻ പെറ്റിഷനും ബഹു. ഹൈക്കോടതിയിൽ WP(C) 3913/2024-ഉം ഫയൽ ചെയ്തത്. സൂപ്പർ ആന്വേഷൻ പിരിയഡിൽ തുടർന്നു വന്നിരുന്ന ശ്രീമതി.വി.ശാന്തി വേലവിലക്കിൽ പ്രവേശിച്ച തിയതി മുതൽ വിരമിക്കൽ പ്രാബല്യത്തിൽ വന്നതായും ആയതിനാൽ ടിയാരിക്കെതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിക്കണമെന്നും ആവശ്യപ്പെട്ട് മാനേജർ ഈ കാര്യാലയത്തിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ഈ വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ ഈ കാര്യലയത്തിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടില്ല."

6. സർക്കാർ ഇക്കാര്യം ഹിയറിംങ് സമയത്ത് ബന്ധപ്പെട്ടവർ സമർപ്പിച്ച വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ 18.12.2023 തീയതി മുതലുള്ള സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കണം എന്നതാണ് ഹർജിയിലെ ആവശ്യം. ഹർജിക്കാരി 15.12.2023 വെള്ളിയാഴ്ച വൈകിട്ട് ഏകദേശം 3 മണിക്ക് ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചുവെന്നും മറ്റും ആരോപിച്ച് ടി സ്കൂളിലെ ഡ്രൈവർ ശ്രീ.പി.മണി 16.12.2023-ൽ മാനേജർക്ക് പരാതി നൽകി. അതേ പരാതി തന്നെ അതേ തീയതിയിൽ പാലക്കാട് ചിറ്റൂർ DySP-യ്ക്കും നൽകിയിട്ടുണ്ട്. അതിന്റെ പകർപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിരുന്നു. പോലീസിൽ നൽകിയ പരാതിയുടെ പകർപ്പ് ശ്രീ.മണി മാനേജർക്ക് നൽകുകയും സാക്ഷികളെ സ്വാധീനിക്കുന്നുവെന്ന കാരണത്താൽ ശ്രീമതി. ശാന്തിയെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് ശ്രീ. മണി 17.12.2023-ൽ മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് മാനേജർ, ടിയാരിയെ 18.12.2023 പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തു. ശ്രീമതി. ശാന്തി നേരിൽ വന്ന് പരസ്യമായി മാപ്പ് പറഞ്ഞതിനാലും, ആത്മഹത്യാ ഭീഷണി മുഴക്കിയതിനാലും പോലീസ് കേസ് പിൻവലിച്ചുവെന്നും, എന്നാൽ

വകുപ്പുതല നടപടികൾ തുടരണമെന്നും ശ്രീ. മണി 20.12.2023-ലെ കത്ത് പ്രകാരം മാനേജരെ അറിയിച്ചിട്ടുണ്ട്. അതേ തീയതിയിൽ തന്നെ (20.12.2023) കേസ് പിൻവലിക്കുന്നതിനായി ചിറ്റൂർ DYSP-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ശ്രീ.മണി പോലീസ് കേസ് പിൻവലിച്ച സാഹചര്യത്തിൽ, മറ്റു നടപടികൾക്കായി 22.12.2023-ന് 2 മണിക്ക് സ്കൂളിൽ ഹാജരാകുന്നതിന് മാനേജർ ശ്രീമതി. ശാന്തിക്ക് 21.12.2023-ലെ കത്ത് പ്രകാരം അറിയിപ്പ് നൽകി. അതോടൊപ്പം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. തുടർന്ന്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 28.12.2023 തീയതിയിൽ സ്കൂളിൽ വച്ച് പ്രാഥമിക അന്വേഷണം നടത്തുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 28.12.2023-ന് സ്കൂളിൽ നടത്തിയ അന്വേഷണസമയത്ത് ശ്രീ. മണി ഹർജിക്കാരിക്കെതിരെയുള്ള പോലീസ് കേസ് പിൻവലിച്ചിട്ടുണ്ടെന്നും, എന്നാൽ വകുപ്പുതല നടപടികൾ തുടരണമെന്നും അറിയിച്ചുകൊണ്ട് 28.12.2023 തീയതിയായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് നൽകി. മാനേജർ 21.12.2023 തീയതിയിൽ ശ്രീമതി. ശാന്തിക്ക് നൽകിയ കുറ്റപത്രത്തിനുള്ള മറുപടി ടിയാരി 28.12.2023-ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. 28.12.2023 തീയതിയിൽ തന്നെ പ്രഥമാധ്യാപികയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് രേഖാമൂലം മൊഴി നൽകിയിട്ടുണ്ട്. എന്നാൽ, ശ്രീ. മണി ശ്രീമതി. ശാന്തിക്കെതിരെ നൽകിയ പരാതി പിൻവലിക്കുന്നതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 30.12.2023 തീയതിയിൽ കത്ത് നൽകിയിരുന്നു. തുടർന്ന്, 30.12.2023-ൽ ടിയാൻ കത്ത് സമർപ്പിച്ചത് ഭീഷണിയെ തുടർന്നാണെന്നും; ടിയാരിക്കെതിരെയുള്ള കേസ് പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും; ടിയാരിക്ക് നിയമപ്രകാരം ശിക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് ടിയാൻ 31.12.2023-ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് നൽകുകയും ആയത് 01.01.2024 തീയതിയിൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, 30.12.2023-ൽ ടിയാൻ കത്ത് സമർപ്പിച്ചത് ഭീഷണിയെ തുടർന്നാണെന്നും ; ടിയാരിക്കെതിരെയുള്ള കേസ് പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും; ടിയാരിക്ക് നിയമപ്രകാരം ശിക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് ടിയാൻ 31.12.2023-ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അത് 01.01.2024 തീയതിയിൽ സ്വീകരിച്ചിട്ടുണ്ട്. ശ്രീമതി. ശാന്തിക്കെതിരെ ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് മാനേജർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 01.01.2024-ൽ കത്ത് നൽകി. തുടർന്ന്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 01.01.2024 തീയതിയിലെ ഉത്തരവ് നം. AEO KLG/1331/2023-F പ്രകാരം ശ്രീമതി. ശാന്തിയെ KER അധ്യായം 14A ചട്ടം 67 പ്രകാരം വേലവിലക്ക് ദീർഘിപ്പിക്കുന്നതിനും അച്ചടക്കനടപടി സ്വീകരിക്കുന്നതിനും മാനേജർക്ക് അനുമതി നൽകി. തുടർന്ന്, മാനേജർ 04.01.2024 തീയതിയിൽ ഹർജിക്കാരിക്ക് വേലവിലക്ക് തീയതിയായ 18.12.2023 തീയതി പ്രാബല്യത്തിൽ KSR ഭാഗം 1 ചട്ടം 60(സി) പ്രകാരം സേവനത്തിൽ നിന്നും നീക്കി ഉത്തരവ് നൽകി. ശ്രീമതി. ശാന്തിക്കെതിരെ ശ്രീ.മണി നൽകിയ പരാതിക്കാധാരമായ സംഭവം, പ്രഥമാദ്ധ്യാപികയായ താൻ സ്കൂളിൽ ഉണ്ടായിരുന്നെങ്കിലും ശ്രീ.മണി ടിയാരിയെ അറിയിച്ചിട്ടില്ലെന്നും; 3 മണി സമയത്ത് എല്ലാവരും ക്ലാസ്സിൽ തന്നെയാണ് ഉണ്ടായിരുന്നതെന്നും; മാനേജരുടെ മകൻ ടി സ്കൂളിലെ അധ്യാപകനായ ശ്രീ.അജിത് മാത്രമെ ഈ സംഭവം അറിഞ്ഞിട്ടുള്ളൂ എന്നും ; 21 അധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിൽ മറ്റാരും തന്നെ ഈ സംഭവം അറിഞ്ഞിരുന്നില്ലെന്നും ; സ്കൂളിനു ചുറ്റും CCTV ക്യാമറ സ്ഥാപിച്ചിട്ടുള്ളതിനാൽ അത് പരിശോധിച്ചാൽ സത്യാവസ്ഥ മനസ്സിലാകുന്നതാണെന്നും പ്രഥമാധ്യാപിക അറിയിച്ചിട്ടുണ്ട്. ശ്രീമതി. ശാന്തിക്കെതിരെ കുറ്റപത്രത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റ് ആരോപണങ്ങൾ വാസ്തവവിരുദ്ധമാണെന്നും; പ്രഥമാധ്യാപികയ്ക്കെതിരെ നൽകിയിട്ടുള്ള പരാതിയിൽ ടിയാരിക്ക്

അനുകൂലമായി മൊഴി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള നടപടികൾ ശ്രീമതി. ശാന്തിക്കെതിരെ സ്വീകരിക്കുന്നതെന്നും പ്രധമാധ്യാപിക അറിയിച്ചിട്ടുണ്ട്. മാനേജർ ഹർജിക്കാരിക്ക് നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങളും അവയ്ക്ക് ടിയാരി നൽകിയ മറുപടികളും ചുവടെ കൊടുക്കുന്നു:

ആരോപണം (1): സ്കൂൾ ബസ് ഡ്രൈവർ ശ്രീ. മണി എന്നവരെ ജാതി പേര് വിളിച്ച് അധിക്ഷേപിക്കുകയും, അപമാനിക്കുകയും ചെയ്ത് അദ്ധ്യാപകരുടെ പെരുമാറ്റചട്ടത്തിന് വിരുദ്ധമായി പ്രവർത്തിച്ചിരിക്കുന്നു.

മറുപടി- എനിക്കെതിരെയുള്ള ആരോപണം വ്യാജവും കെട്ടിച്ചമച്ചതുമാകുന്നു. ഇതിനാൽ സൂചിപ്പിച്ചിരിക്കുന്ന മണി പി. എന്ന വ്യക്തിയോട് ഞാൻ ഇതുവരെ സംസാരിച്ചിട്ടുപോലുമില്ല. 3 മണിക്ക് ക്ലാസ്സ് റൂമിൽ ഇരിക്കുന്ന ഞാൻ എങ്ങനെയാണ് സ്കൂളിന്റെ വെളിയിൽ ചെന്ന് അദ്ദേഹത്തോട് അപമര്യാദയായി പെരുമാറുന്നത്. ഞാൻ ക്ലാസ്സ് റൂമിൽ പഠിപ്പിക്കുന്നതിന് സാക്ഷികൾ എന്റെ ക്ലാസ്സിലെ വിദ്യാർത്ഥികളും, സഹപ്രവർത്തകരുമാണ്. സ്കൂൾ മുഴുവൻ CCTV ക്യാമറ നിരീക്ഷണ വലയത്തിലാണ് എന്ന വസ്തുത ഞാൻ ഇവിടെ അങ്ങയോട് ഓർമ്മിപ്പിക്കുന്നു. ഇത്രയും ക്യാമറകൾ പ്രവർത്തിച്ചിട്ടുപോലും എനിക്കെതിരെ യാതൊരു Audio/Video Footage ഇല്ല എന്നതും ആശ്ചര്യകരമാണ്. CCTV ദൃശ്യങ്ങൾ ലഭ്യമാക്കിത്തരുവാൻ മാനേജരോട് ആവശ്യപ്പെടണമെന്ന് അങ്ങയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതിൽ സൂചിപ്പിക്കുന്ന പരാതിക്കാരനായ മണി എന്ന വ്യക്തി മാനേജരുടെ സ്കൂൾ ബസ് ഡ്രൈവറാണ്. സേവിയാമ്മ ആയയാണ്. പരാതിക്കാരനായ മണിയും, അബ്ദുൾ റസാക്കും സ്കൂൾ ബസ് ഡ്രൈവർമാരുമാണ്. അജിത് ഭാസ്കർ മാനേജരുടെ സ്വന്തം മകനുമാണ്.

മാനേജരുടെ സസ്പെൻഷൻ ഉത്തരവിൽ പി.മണി ബഹുമാനപ്പെട്ട ചിറ്റൂർ പോലീസ് സബ് ഡിവിഷൻ ഓഫീസിൽ പരാതി നൽകിയിട്ടുണ്ട് ഏന്ന് അറിയുവാൻ സാധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഞാൻ 20/12/2023-ന് ചിറ്റൂർ പേലീസ് സ്റ്റേഷനിൽ പോയപ്പോൾ പി.മണിയും മാനേജരും ഒരുമിച്ചുചെന്ന് പരാതി പിൻവലിച്ചതായി അറിയുവാൻ കഴിഞ്ഞു. ഇതിൽ തന്നെ എന്റെ നിരപരാധിയും വ്യക്തമാണ്. പരാതി പിൻവലിച്ചുകൊണ്ട് പോലീസ് സ്റ്റേഷനിൽ പി.മണി നൽകിയ കത്തിനായി ഞാൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. കത്ത് ലഭ്യമാകുന്നയുടൻ ഞാൻ അത് അങ്ങയുടെ മുമ്പാകെ സമർപ്പിക്കുന്നതാണ്. സ്കൂൾ മാനേജർ ശ്രീ. T.O. ഭാസ്കറിനെതിരെ HM. T.S.സജി ടീച്ചറും, വിരമിച്ച ഗീത ടീച്ചറും ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. രണ്ടു കേസിലും സാക്ഷി പറഞ്ഞ ചില അധ്യാപകരിൽ ഒരാളാണ് ഞാൻ. 13/12/2023-ന് ഗീത ടീച്ചർക്കായി ബഹുമാനപ്പെട്ട ചിറ്റൂർ കോടതിയിൽ മാനേജർക്കെതിരെ ഞാൻ സാക്ഷി പറഞ്ഞിരുന്നു. അതിന്റെ വൈരാഗ്യം മൂലമാണ് ടിയാൻ സ്വന്തം തൊഴിലാളികളായ മണിയേയും, സേവിയാമ്മയേയും സമ്മർദ്ദം ചെലുത്തി എനിക്കെതിരെ 15.12.2023-ന് കള്ളപരാതി കൊടുക്കുവാൻ പ്രേരിപ്പിച്ചത്.

ആരോപണം (2): ശ്രീമതി. ടി.എസ്. സജി നൽകിയ വ്യാജ ലൈംഗിക പീഡന പരാതിയിൽ സാക്ഷിയാകുകയും ബോധപൂർവ്വം കളവായ സാക്ഷിമൊഴി നൽകി കുറ്റം ചെയ്തിരിക്കുന്നു പെരുമാറ്റചട്ടം ലംഘിച്ചിരിക്കുന്നു.

മറുപടി - കുറ്റം ബഹുമാനപ്പെട്ട കോടതിയുടെ അധീനതയിൽ ആയിരുന്ന വിഷയമാണ്. അതേ കുറിച്ച് കൂടുതൽ പരാമർശങ്ങൾ സൂചിപ്പിക്കാൻ ഞാൻ താൽപര്യപ്പെടുന്നില്ല.

ആരോപണം (3): ബഹു. ചിറ്റൂർ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കളവായ മൊഴി രേഖപ്പെടുത്തുന്നതിന്, മൂന്ന് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ ഓൺ ഡ്യൂട്ടി രേഖപ്പെടുത്തി ശമ്പളം

കൈപ്പറ്റി പൊതുഖജനാവിന് നഷ്ടം വരുത്തി.

മറുപടി - മൂന്നാമതായി എനിക്കെതിരെ ഉന്നയിച്ച ആരോപണം ശരിയല്ല. നിയമപരമായി കോടതി അനുവദിച്ച് ഹാജർ രേഖ സമർപ്പിച്ചാണ് ഓൺ ഡ്യൂട്ടി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ആരോചണം തള്ളിക്കളയണമെന്ന് അപേക്ഷിക്കുന്നു.

ആരോപണം (4): ക്ലാസിൽ ഹാജരായ കുട്ടിക്ക് ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തുകയും, ഉച്ചഭക്ഷണ രജിസ്റ്ററിൽ അവധി മാർക്ക് ചെയ്ത് കുട്ടിക്ക് ഉച്ചഭക്ഷണം നിഷേധിച്ചു.

മറുപടി - എനിക്കെതിരെയുള്ള കുറ്റാരോപണത്തെ ഞാൻ നിഷേധിക്കുന്നു. 31/10/2023-ന് ക്ലാസ്സിൽ ഹാജമായിരുന്ന കുട്ടി ഉച്ചഭക്ഷണം കൈയിൽ കരുതിയിട്ടുണ്ടെന്ന് അറിയിച്ചതിനാലാണ് ഉച്ചഭക്ഷണ രജിസ്റ്ററിൽ ഹാജർ മാർക്ക് ചെയ്യാതിരുന്നത്.

ആരോപണം (5): 16.10.2018 തിയ്യതി മുതൽ 29.10.2018 തിയ്യതി വരെയുള്ള കാലളവിൽ വേലവിലക്ക് കാലയളവ് അർഹമായ അവധിയായി പരിഗണിച്ച് ക്രമീകരിക്കാത്തതിനാൽ പൊതുഖജനാവിന് നഷ്ടം വരുത്തി വെച്ചു.

മറുപടി - എനിക്കെതിരായ പരാതിയിൽ യാതൊരു വസ്തുതയുമില്ലെന്ന് അറിയിക്കുന്നു. 16/10/2018 മുതൽ 29/10/2018 വരെ എന്നെ സസ്പെൻഡു ചെയ്ത മാനേജരുടെ നടപടി ബഹു.കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്തിട്ടുള്ളതാണ്. ഇങ്ങനെ വിദ്യാഭ്യാസ ഓഫീസർ മാനേജരുടെ വേലവിലക്ക് നടപടി റദ്ദ് ചെയ്തു കഴിഞ്ഞാൽ പ്രസ്തുത കാലയളവ് സേവനകാലമായി പരിഗണിക്കണമെന്നാണ് വിദ്യാഭ്യാസ ചട്ടങ്ങൾ അനുശാസിക്കുന്നത്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള വേലവിലക്ക് കാലയളവ് അവധിയായി പരിഗണിച്ച് ശമ്പളം തിരിച്ചടയ്ക്കണം എന്ന് മാനേജർ ആവശ്യപ്പെടുന്നത് ചട്ടവിരുദ്ധമാണ്. എന്നെ സെൻഷർ ചെയ്തിട്ടുണ്ട് എന്ന കാര്യം ഈ കുറ്റാരോപണ പത്രിക കൈപ്പറ്റിയപ്പോൾ മാത്രമാണ് ഞാൻ അറിയുന്നതുതന്നെ. ആയതിനാൽ എന്റെ റസേവന പുസ്തകത്തിൽ അത്തരം രേഖപ്പെടുത്തലുകൾ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയില്ലാതെ മാനേജർ നടത്തിയിട്ടുണ്ടെങ്കിൽ ആയവ റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.

ആരോപണം (6): സർവ്വീസ് ബുക്ക് യഥാസമയം വാർഷിക പരിശോധനക്ക് വിധേയമാക്കാതെ ചട്ടലംഘനം നടത്തി.

മറുപടി - എനിക്കെതിരെള്ള കുറ്റാരോപണം ഞാൻ നിഷേധിക്കുന്നു. ഒരു സഹാധ്യാപികയുടെ സേവനപുസ്തകത്തിന്റെ കസ്റ്റോഡിയൻ അതേ സഹാധ്യാപികയല്ല. എന്റെ സേവന പുസ്തകത്തിന്റെ കസ്റ്റോഡിയൻ ഞാനല്ലാത്തതിനാൽ ഈ ആരോപണം നിലനിൽക്കുന്നതല്ലെന്ന് ബോധിപ്പിക്കുന്നു. ഈ ആരോപണം തള്ളിക്കളയണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 28.12.2023 തീയതിയിൽ സ്കൂളിൽ നേരിട്ടെത്തി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള അന്വേഷണത്തോട് അനുബന്ധിച്ച് 01.01.2024 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ സസ്പെൻഷൻ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ടി സംഭവവുമായി ബന്ധപ്പെട്ട് CCTV ക്യാമറ ദൃശ്യങ്ങൾ പരിശോധിക്കുകയോ, സ്കൂളിൽ ഹാജരായിരുന്ന കുട്ടികളുടെയോ മറ്റു ജീവനക്കാരുടെയോ മൊഴി എടുക്കുകയോ ചെയ്തിട്ടുള്ളതായി ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ശ്രീ. മണി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി പിൻവലിക്കുകയും, എന്നാൽ വിദ്യാഭ്യാസ ഓഫീസർമാർക്കും മാനേജർക്കും നൽകിയ പരാതിയിൽ ടിയാരിക്കെതിരെ അച്ചടക്ക നടപടി ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഓഫീസർമാരും മാനേജരും ടിയാരിക്കെതിരെ നടപടി സ്വീകരിച്ചിരിക്കുന്നത് എന്ന് കാണുന്നു. ഹർജിക്കാരിക്കെതിരെ, SC/ST വിഭാഗത്തിലുള്ള കുട്ടികളും രക്ഷകർത്താക്കളും പല പരാതികളും പറഞ്ഞിട്ടുണ്ടെന്ന് മാനേജർ

ഹിയറിംങ് വേളയിൽ പറഞ്ഞിരുന്നു. എന്നാൽ രേഖാമൂലം ആരുംതന്നെ പരാതി നൽകിയിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. മണി നൽകിയ പരാതിയെ തുടർന്ന്, അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ടി പരാതി കൂടാതെ, മറ്റ് 5 ആരോപണങ്ങൾ കൂടി ഉൾപ്പെടുത്തി ടിയാരിക്കെതിരെ നടപടി സ്വീകരിച്ചതെന്നും മാനേജർ ഹിയറിംങ് വേളയിൽ പറഞ്ഞിട്ടുണ്ട്.

ഒന്നാമത്തെ ആരോപണത്തിൽ CCTV ദൃശ്യങ്ങൾ പരിശോധിക്കുകയോ സ്കൂളിൽ ഹാജരായിരുന്ന കുട്ടികളുടെയോ മറ്റു ജീവനക്കാരുടെയോ മൊഴികൾ എടുക്കുകയോ ചെയ്തതായി കാണുന്നില്ല. രണ്ടാമത്തെ ആരോപണം ബഹു. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ് എന്ന് ഹർജിക്കാരി റിപ്പോർട്ട് ചെയ്യുന്നു. മൂന്നാമത്തെയും നാലാമത്തെയും ആരോപണങ്ങൾ ടിയാരിക്ക് സസ്പെൻഷൻ തീയതിയായ 18.12.2023 പ്രാബല്യത്തിൽ വിരമിക്കൽ നൽകുന്നതിനുള്ള കുറ്റകൃത്യമായി കണക്കാക്കുവാൻ സാധിക്കുന്നില്ല. അഞ്ചാമത്തെ ആരോപണത്തിൽ, 16.10.2018 മുതൽ 29.10.2018 വരെ ടിയാരിയെ സസ്പെൻഡ് ചെയ്ത നടപടി റദ്ദാക്കിയിട്ടുണ്ടെന്ന് ഹർജിക്കാരി അറിയിച്ചിരിക്കുന്നെങ്കിലും, ടി കാലയളവ് അർഹമായ അവധിയായി ക്രമീകരിച്ചിട്ടില്ല എന്നത് ടിയാരിക്ക് വിരമിക്കൽ നൽകുന്നതിനുള്ള കാരണമായി കാണേണ്ടതില്ല എന്ന് കാണുന്നു. ആറാമത്തെ ആരോപണമായ സർവ്വീസ് ബുക്ക് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നതിൽ ഹർജിക്കാരി സർവ്വീസ് ബുക്കിന്റെ custodian അല്ല എന്ന വാദം അംഗീകരിക്കുന്നതിനോടൊപ്പം ടി ആരോപണം നിലനിൽക്കുകയില്ല എന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ, സ്കൂൾ മാനേജരുടെ 04.01.2024 തീയതിയിലെ DA 03/2023 നം. ഉത്തരവ് റദ്ദ് ചെയ്ത് ഹർജിക്കാരിയെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും, ശ്രീ. മണി പി. നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് ഡിപ്പാർട്ട്മെന്റ് വിജിലൻസിനെ ചുമതലപ്പെടുത്തുവാനും, ടി വിജിലൻസ് അന്വേഷണത്തിൽ ഹർജിക്കാരി കുറ്റക്കാരിയാണെന്ന് തെളിയുന്ന പക്ഷം ഹർജിക്കാരിക്കെതിരെയും, അല്ലാത്ത പക്ഷം മാനേജർക്കെതിരെയും ചട്ടപ്രകാരം നടപടി സ്വീകരിക്കാനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി പാലക്കാട് എം.പുതൂർ എം. ജി. എൽ. പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. വി. ശാന്തി സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി (Ext. P 12) തീർപ്പാക്കി അപ്രകാരം ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം 2 ഇടക്കാല വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട് ജില്ല.
മാനേജർ, എം. ജി. എൽ. പി. സ്കൂൾ, എം.പുതൂർ, ഗോവിന്ദാപുരം. പി ഒ, പാലക്കാട്.
പ്രഥമാദ്ധ്യാപിക, എം. ജി. എൽ. പി. സ്കൂൾ, എം.പുതൂർ, ഗോവിന്ദാപുരം. പി ഒ, പാലക്കാട്.

ശ്രീമതി. വി. ശാന്തി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,

എം. ജി. എൽ. പി. സ്കൂൾ, എം.പുതൂർ, ഗോവിന്ദാപുരം. പി ഒ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 14-03-2024 15:39:48

സെക്ഷൻ ഓഫീസർ